"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിൽ ക്ലർക്കായിരിക്കെ മരണപ്പെട്ട മിസിരി കെ ഐ-യ്ക്ക് കോട്ടയം മെഡിക്കൽ കോളേജിൽ (Carcinoma Breast) ചികിത്സക്കായി, ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1086/2025/LSGD തീയതി,തിരുവനന്തപുരം, 30-04-2025**

---

പരാമർശം:- 1. സ.ഉ.(സാധാ)നം.2539/2018/തസ്വഭവ, തീയതി.01/10/2018.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 22/08/2023, 14/05/2024, 28/11/2024 തീയതികളിലെ LSGD/PD/523/2023-DEG1 നമ്പർ കത്തും ഉള്ളടക്കവും.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിൽ ക്ലർക്കായിരിക്കെ മരണപ്പെട്ട മിസിരി കെ ഐ -യുടെ ഭർത്താവ്, ശ്രീ.ലത്തീഫ് കെ കെ സമർപ്പിച്ച മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷ 24/09/2022-ലെ 82/2022/ധന നമ്പർ പരിപത്രത്തിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അനുബന്ധം i , അനുബന്ധം II എന്നിവയും മറ്റ് അനുബന്ധ രേഖകളും സഹിതം പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ടിയാന്റെ ചികിത്സയ്ക്കായി പരാമർശം (1) പ്രകാരം ₹8,00,000 (എട്ടു ലക്ഷം രൂപ മാത്രം) പലിശരഹിത ചികിത്സ വായ്പയായി അനുവദിച്ചിരുന്നു. ടിയാന്റെ ചികിത്സാ ചെലവ് ഇനത്തിൽ ₹12,31,456/-യാണ് (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി നാനൂറ്റി അൻപത്തിയാറ് രൂപ മാത്രം) ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ടി തുകയിൽ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന പലിശരഹിത ചികിത്സാ വായ്പ ₹ 8,00,000/- ക്രമപ്പെടുത്തുന്നതിനും ബാക്കി തുകയായ ₹ 4,31,456/- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ അനന്തരാവകാശികൾക്ക് അനുവദിച്ച് ഉത്തരവാകുന്നതിനുമാണ് വകുപ്പ് മേധാവി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷക മരണപ്പെട്ട സാഹചര്യത്തിൽ ഉപയുക്തതാ കാലയളവിന് ശേഷമുള്ള ബില്ലുകൾ കൂടി പരിഗണിച്ച് വായ്പ ക്രമീകരിച്ചാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാവില്ലായെന്ന വസ്തുത പരിഗണിച്ച്, ഒരു പ്രത്യേക കേസായി കണക്കാക്കി, KFC Vol. I, Article 254 A1 (iv) ചട്ടത്തിൽ ഇളവു വരുത്തി, തദ്ദേശ സ്വയംഭരണ വകുപ്പിൽ തൊടുപുഴ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ക്ലാർക്കായിരിക്കെ മരണപ്പെട്ട മിസിരി കെ.ഐ-യ്ക്ക് (Carcinoma Breast)

ചികിത്സക്കായി, കോട്ടയം മെഡിക്കൽ കോളേജിൽ 10.10.2018-26.03.2019 കാലയളവിൽ ആകെ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 12,31,456/- രൂപയിൽ, പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച ₹8,00,000/- രൂപയുടെ പലിശരഹിത ചികിത്സാവായ്പ ക്രമീകരിച്ചുകൊണ്ട്, ബാക്കിയുള്ള 4,31,456/-രൂപ (12,31,456-8,00,000) (നാല് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി അമ്പത്തിയാറ് രൂപ മാത്രം) അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രതിപൂരണം ചെയ്ത് നൽകുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ റ്റി വി**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധ രേഖകളും ബില്ലുകളും സഹിതം)

ശ്രീ. ലത്തീഫ് കെ കെ, H/o Late മിസിരി. കെ ഐ, ക്ലർക്ക്, തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ട്രഷറി ഓഫീസർ,സബ് ട്രഷറി, തൊടുപുഴ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (918597/Loans-L3/460/2018-FIN dt 01/04/2025 മുഖേന)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/187/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 02-05-2025 12:24:06

സെക്ഷൻ ഓഫീസർ